# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4615 26.06.2014 ലെ മറുപടിയ്ക്ക്**

## എറണാകുളം ജില്ലാ കളക്ടർക്ക് വസതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ജില്ലാ കളക്ടർക്കുവേണ്ടിയുള്ള വസതി കാക്കനാട് നിർമ്മിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. 16.02.2012 ലെ സ.ഉ.(സാധാ) നം.241/2012/പൊ.മ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എറണാകുളം ജില്ലാ കളക്ടറുടെ വസതി നിർമ്മാണത്തിന് 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ നിർമ്മാണത്തിനായി നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) സ്വീകരിക്കുന്നതാണ്. പ്രസ്തുത പ്രവൃത്തിക്ക്, 103.50 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും ടെണ്ടർ ക്ഷണിക്കുകയും 27.04.2012 ൽ ശ്രീ. എൻ.കെ. അബ്ദുൾകരീം എന്ന കരാറുകാരനുമായി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. എന്നാൽ യഥാസമയം സൈറ്റ് ലഭ്യമല്ലാതിരുന്നതിനാൽ, കരാറുകാരന് പ്രവൃത്തി തുടങ്ങാൻ സാധിക്കാതെ അയാളെ അതിൽ നിന്നും ഒഴിവാക്കാൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും, 11.09.2013 ൽ കരാറുകാരനെ പ്രസ്തുത പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ടി പ്രവൃത്തി കളക്ടറുടെ നിർദ്ദേശ പ്രകാരം ഗ്രീൻ ബിൽഡിംഗ് പോളിസി പ്രകാരം ചെയ്യുന്നതിന് വേണ്ടി ആർക്കിടെക്ച്ചറൽ വിഭാഗം തയ്യാറാക്കിയ ഡ്രോയിംഗ് GRIHA (Green Rating for Integrated Habitat Assessment) യുടെ റേറ്റിംഗിനു വേണ്ടി അയച്ചിരിക്കുകയാണ്. അത് കിട്ടിക്കഴിഞ്ഞാൽ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |

(signature)
സെക്ഷൻ ഓഫീസർ